**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2055** **01-09-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ ഫയർ സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് അഗ്നിശമനസേന എന്തൊക്കെ സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പ് താഴെ പറയുന്ന സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>1. ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള ഹൗസ് ബോട്ടുകളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട സ്റ്റേഷൻ ആഫീസർമാർ പരിശോധന നടത്താറുണ്ട്. ഹൗസ് ബോട്ടുകളിലെ പരിശോധനയിൽ സുരക്ഷാ വീഴ്ച കണ്ടെത്തിയാൽ ആയത് ബന്ധപ്പെട്ടവരെ അറിയിച്ച് അപാകത പരിഹരിക്കാൻ നിർദ്ദേശം നൽകുന്നുണ്ട്<br><br>.2. ഹൗസ് ബോട്ടുകളിൽ ഉപകരണങ്ങൾ പ്രവർത്തിപ്പിയ്ക്കുന്നതിന് പ്രാവീണ്യമുള്ളവരെ ഉപയോഗപ്പെടുത്തണമെന്ന നിർദ്ദേശം നൽകുന്നുണ്ട്.<br><br>3.ബോട്ടുകൾ, വള്ളങ്ങൾ എന്നിവയിൽ സുരക്ഷയുടെ ഭാഗമായി ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ്, ഫയർ എക്സ്റ്റിംഗ്യൂഷറുകൾ എന്നിവ സ്ഥാപിക്കുന്നതിന് ബന്ധപെട്ടവർക്ക് നിർദ്ദേശം നൽകുന്നുണ്ട്.<br><br>4.വിനോദ സഞ്ചാരികൾ എത്തുന്ന സ്ഥലങ്ങളിൽ അപകടകരമായ ജലാശയങ്ങൾക്ക് അരികെ മുന്നറിയിപ്പ് ബോർഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപെട്ട് സ്ഥാപിയ്ക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.<br><br>5.വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന് ജില്ലാ കളക്ടറുടെയോ പോലീസ് അധികൃതരുടെയോ ആവശ്യാനുസരണം സ്റ്റാന്റ് ബൈ ഡ്യൂട്ടി ഏർപ്പെടുത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 6.ജലാശയ പരിസരത്തെ പ്രദേശവാസികൾക്കും വിനോദ സഞ്ചാരികൾക്കുമായി ബോധവൽക്കരണ ക്ലാസുകൾ, മോക് ഡ്രിൽ, ഡെമോൺസ്ട്രേഷൻ ക്ലാസുകൾ എന്നിവ വകുപ്പ് നൽകിവരുന്നു.<br>7.വിനോദ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ബീറ്റ് ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>8.ജല അപകടങ്ങൾ നേരിടുന്നതിനായി ലഭ്യമായ സ്ഥലങ്ങളിൽ ജലസുരക്ഷാ ബോട്ടുകൾ വിന്യസിച്ചിട്ടുണ്ട്.<br>9.ബീച്ചുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, പാർക്കുകൾ എന്നിവയിൽ ഫയർ ആഡിറ്റ് നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുന്നുണ്ട് |
| (ബി) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിലവിൽ എവിടെയൊക്കെയാണ് അഗ്നിസുരക്ഷസേനാ വിഭാഗത്തിന്റെ സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ആലപ്പുഴ നിയോജക മണ്ഡലത്തിൽ നിലവിൽ ഫയർ സ്റ്റേഷനുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. |
| (സി) | ആലപ്പുഴയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ പുന്നമടയിൽ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഉണ്ട്. ആലപ്പുഴ ജില്ലയിലെ പ്രധാനപ്പെട്ട കായൽ ടൂറിസം മേഖലയായ പുന്നമട ഫിനിഷിംഗ് പോയിന്റിൽ ഒരു ജലരക്ഷാ നിലയം സ്ഥാപിക്കുന്നതിന് വകുപ്പ് മേധാവി ലഭ്യമാക്കിയ ശുപാർശ ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു. |
| (ഡി) | ഇല്ലെങ്കിൽ പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പിരിവ് (സി) യിൽ ചേർത്തിരിക്കുന്ന പ്രകാരം |

സെക്ഷൻ ഓഫീസർ